# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**കോഴിക്കോട് ജില്ല**

**പന്തലായനി ബ്ലോക്ക്**

## അത്തോളി ഗ്രാമപഞ്ചായത്ത്

**വാർഡ് 7**

**കൊളക്കാട്**

**1/10/2018-31/03/2019**

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിര്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലിമെന്റ് പാസാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം . 2005 ആഗസ്റ്റ് 23 ആം തിയ്യതിയാണ് പാർലിമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർധിഷ്ഠ സമായത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പുവരുത്തുമെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും റ്ജോഴിൽ എടുത്ത ശേഷം വേതനം വയ്ക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതുപോലെ എടുത്ത തൊഴിലിന്റെ വേതനം 15 ദിവസത്തിലതികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പു വരുത്തുന്നു എന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടാം തിയ്യതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും, പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ 1ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധ ആകർഷിച്ച ഒരു അവകാശാധിഷ്ഠത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ ലഘുകരണത്തിൽ നിർണ്ണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതിയെന്ന കാര്യം പരിഗണിച്ചും 2009 ഒക്ടോബർ രണ്ടാം തിയ്യതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

കേരളത്തിൽ രണ്ടായിരത്തി എട്ടിൽ ഈ നിയമം പ്രാബല്യത്തിൽ വന്നു. തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായ ജനങ്ങൾക്ക് തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ഇത് സഹായിക്കുന്നു.

### അത്തോളി ഗ്രാമപഞ്ചായത്തിനെ കുറിച്ച്

കോഴിക്കോട് ജില്ലയിൽ പന്തലായനി ബ്ലോക്കിൽ ഉൾപ്പെടുന്ന അത്തോളി ഗ്രാമപഞ്ചായത്ത്, പഴയ മദ്രാസ് സംസ്കാരത്തിന്റെ ഭാഗമായിരുന്ന കുറുമ്പ്രനാട് താലൂക്കിലെ 11 ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമായിരുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിൽ ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുള്ള ഈ പഞ്ചായത്ത് നേരത്തെ മൊടക്കല്ലൂർ കൊളക്കാട് വേളൂർ എന്നിങ്ങനെ അറിയപ്പെട്ടിരുന്നു.

വിദ്യാഭ്യാസ-സാംസ്കാരിക ആരോഗ്യരംഗത്ത് അത്തോളി പഞ്ചായത്ത് മികച്ച നിലവാരം പുലർത്തുന്നു. 31330(ICDS2015) ജനസംഖ്യയുള്ള പഞ്ചായത്തിൽ 15397 പുരുഷന്മാരും15933 സ്ത്രീകളും ഉൾപ്പെടുന്നു. ഇതിൽ 4676 പട്ടികജാതി വിഭാഗക്കാരാണ്. ആകെ 17 വാർഡുകളുള്ള പഞ്ചായത്തിലെ നിലവിലെ പ്രസിഡണ്ട് ശ്രീ ചിറ്റൂർ രവീന്ദ്രനാണ്,വൈസ് പ്രസിഡന്റ് വത്സല വേലായുധൻ, പഞ്ചായത്ത് സെക്രട്ടറി എൻ. പ്രദീപൻ.

വികസന രംഗത്ത് സന്നദ്ധ പ്രവർത്തനങ്ങൾക്ക് ജനകീയ ഐക്യം എല്ലാ കാലത്തും അത്തോളിയിൽ ദൃശ്യമായിരുന്നു. പരമ്പരഗതമായ കൃഷിയും മൽസ്യ ബന്ധനവുമായിരുന്നു ഇവിടത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗം.കയർ നിർമാണ വ്യവസായവും മികച്ച രീതിയിൽ നടന്നു പോകുന്നു.ചകിരി കൊണ്ടു നിർമിക്കുന്ന കയർ ,കാർപ്പറ്റുകൾ എന്നിവ മലബാർ പ്രദേശത്ത് പ്രസിദ്ധമാണ്.1970നു ശേഷം കുറെ അധികം

പേര് മിഡിൽ ഈസ്റ്റിലേയ്ക്ക് പോകുന്നത് വർധിക്കുകയും ഇപ്പോൾ അവിടെനിന്നു ലഭിക്കുന്ന പണം അത്തോളിയിലെ സാമ്പത്തിക ഉന്നമനത്തിനു പ്രധാന പങ്ക് വഹിക്കുന്നു.17 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്നതാണ് അത്തോളി പഞ്ചായത്ത്. വാർഡുകൾ:മൊടകല്ലൂർ,കൂമുള്ളി,കോത്തങ്ങൽ,കണ്ണിപോയിൽ,കോടശ്ശേരി,പൂക്കോട്,കൊളക്കാട്,അത്തോളി ക്കാവ്,അത്താണി,കൊങ്ങന്നൂർ,കൊങ്ങന്നൂർ ഈസ്റ്റ്,കുനിയിൽകടവ്,അത്തോളി,കുടക്കകല്ല്,വേളൂർ,വേളൂർ വെസ്റ്റ്, തോരായി എന്നിവയാണ്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | അത്തോളി പഞ്ചായത്ത് |
| വില്ലേജ് | അത്തോളി |
| ബ്ലോക്ക് പഞ്ചായത്ത് | പന്തലായനി |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് |
| താലൂക്ക് | കൊയിലാണ്ടി |
| അസംബ്ലീമണ്ഡലം | ബാലുശ്ശേരി |
| വിസ്തീർണം | 21.06ചതുരശ്ര കി മി |

**തൊഴുലുറപ്പ് സംബന്ധിച്ച വിവരങ്ങൾ**

| വിവരങ്ങൾ | ജില്ലാതലം | ബ്ലോക്ക്തലം | പഞ്ചായത്ത്തലം |
|---|---|---|---|
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 83.05(ലക്ഷം ) | 540456 | 118382 |
| കുടുംബങ്ങൾക്ക് നൽകിയിരിക്കുന്ന ശരാശരി തൊഴിൽ ദിനങ്ങൾ | 57.58 | 52.45 | 58.46 |
| 100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ | 38300 | 2578 | 853 |
| ആകെ തൊഴിൽ എടുത്ത കുടുംബങ്ങൾ | 1.44(ലക്ഷം ) | 9685 | 1975 |
| തൊഴിൽ എടുത്ത തൊഴിലാളികൾ | 1.6(ലക്ഷം ) | 10304 | 2025 |

| | |
|---|---|
| തൊഴിൽ കാർഡ് ഉടമകൾ | 2275 |
| സജീവ തൊഴിലാളികൾ | 2025 |
| നിഷ്ക്രിയ തൊഴിലാളികൾ | 250 |

**മുഖ്യലക്ഷ്യങ്ങൾ**

- അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉത്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് മുഖ്യലക്ഷ്യം.
- ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപെടുത്തുക.
- പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ.

**സവിശേഷതകൾ**

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.

- ഗ്രാമപഞ്ചായത് പ്രദേശത്ത് താമസിക്കുന്ന 18 വയസ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യവേതനം.
- പരിസ്ഥിതി സംരക്ഷണം, കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന.
- തൊഴിലാളികൾ തമ്മിൽ പ്രവർത്തികൾ കണ്ടെത്തുക, ആസൂത്രണ പ്രക്രിയയിൽ പങ്കാളിയാവുക.
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാർക്കാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
- ബാങ്ക് / പോസ്റ്റ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃങ്കലവഴിയുള്ള മോണിറ്ററിങ് സംവിധാനം.
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.
- പരാതിപരിഹാര സംവിധാനം.

**രീതിശാസ്ത്രം**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കോഴിക്കോട് ജില്ല, പന്തലായനി ബ്ലോക്കിലെ വില്ലജ് റിസോഴ്സ് പേഴ്സൺ ആണ് അത്തോളി ഗ്രാമപഞ്ചായത് വാർഡ് 12 ൽ (കുനിയിൽ കടവ് ) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

**ആദ്യഘട്ടം**

2018 ഒക്ടോബർ മാസം മുതൽ 2019 മാർച്ച് വരെ ഏറ്റെടുത്ത് നടത്തിയ പ്രവർത്തിയുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ എന്നിവ പരിശോധിക്കൽ.

**രണ്ടാംഘട്ടം**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവർത്തിയുടെ അളവുകൾ പരിശോധിക്കൽ

**മൂന്നാംഘട്ടം**

ഗുണഭോക്താക്കളോട് പ്രവർത്തിയുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെ കണ്ട് തൊഴിൽ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവര ശേഖരണം നടത്തലും.

**നാലാംഘട്ടം**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ.

MGNREGA പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് സോഷ്യൽ ഓഡിറ്റ്.

അവകാശങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികളിൽ നിന്ന് ചോദിച്ചറിഞ്ഞ വിവരങ്ങൾ

- ★ തൊഴിൽ കാർഡ് : VRPമാർ സന്ദർശിച്ച തൊഴിലാളികളിൽ നിന്ന് അറിയാൻ സാധിച്ചത് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തൊഴിൽ കാർഡ് സൗജന്യമായി ലഭ്യമായിരുന്നുവെങ്കിലും നിലവിൽ കാർഡ് പുതുക്കുന്നതിനായി ആവശ്യമായ ഫോട്ടോ സ്വന്തമായി പണം ചിലവഴിച്ചാണ് എടുത്തത്.
- ★ തൊഴിലിനുള്ള അപേക്ഷ : തൊഴിലിനുള്ള അപേക്ഷ വ്യക്തികതമായി നൽകാറില്ലെന്നും ഗ്രൂപ്പായിട്ടാണ് നൽകാറുള്ളതെന്നും അറിയാൻ കഴിഞ്ഞു.
- ★ ഫസ്റ്റ് എയ്ഡ് ബോക്സ്, ഷെൽട്ടർ എന്നിവ പഞ്ചായത്ത് അനുവദിച്ചത് നശിച്ചു പോയതിനു ശേഷം തൊഴിലാളികൾ എല്ലാവരും പണം പിരിച്ചാണ് ഫസ്റ്റ് എയ്ഡ് വാങ്ങിയിട്ടുള്ളത്.

**തൊഴിലുറപ്പ് നിയമം തൊഴിലാളികൾക്ക് ഉറപ്പ് നൽകുന്ന പത്ത് അവകാശങ്ങൾ**

1) തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം.

2) അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം,ആയതിന് കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശം.

3) തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4)ഷെൽഫ് ഓഫ് പ്രൊജക്റ്റ തയ്യാറാക്കാനുള്ള അവകാശം.

5)അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. അല്ലെങ്കിൽ വേതനത്തിന് 10%

അധികം ലഭിക്കാനുള്ള അവകാശം.
6) കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമ ശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം.
7)15 ദിവസത്തിനുള്ളിൽ വേദനം ലഭിക്കുന്നതിനുള്ള അവകാശം
8) വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാൻ ഉള്ള അവകാശം.
9) സമയബന്ധിതമായ പരാതി പരിഹാരത്തിനുള്ള അവകാശം.
10) സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

**തൊഴിലാളികളുടെ കടമകൾ**

1) കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പുവെയ്ക്കുക.
2) തൊഴിലുറപ്പ് ഗ്രാമസഭകൾക്കും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾക്കും കൃത്യമായി പങ്കെടുക്കുക.
3) പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാനോ പാടുള്ളതല്ല.
4) തൊഴിലിന് കൃത്യമായി അപേക്ഷിക്കുക.

തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 17 പ്രകാരം,തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടക്കുന്ന എല്ലാ വർക്കുകളും സോഷ്യൽ ഓഡിറ്റ് ചെയ്യപ്പെടേണ്ടതാണ്.ഇങ്ങനെ നടത്തുന്ന സോഷ്യൽ ഓഡിറ്റിൽ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളും തൊഴിലാളികൾ ചെയ്തിരിക്കുന്ന പ്രവർത്തികളും താരതമ്യം ചെയ്യുന്നു.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിലൂടെ തൊഴിലുറപ്പ് തൊഴിലാളികൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവന്മാരാകുന്നതാണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ വച്ചു തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങളും അവരുടെ സംശയങ്ങളും വെളിപ്പെടുത്താവുന്നതാണ്.ഇതിലൂടെ തൊഴിലുറപ്പ് പദ്ധതി സുതാര്യവും ഉത്തരവാദിത്വ പൂർണവുമാകുന്നതാണ്.

**സോഷ്യൽ ഓഡിറ്റ് പ്രക്രിയ**

പശ്ചാത്തലം ഒരുക്കൽ
ഫയൽ പരിശോധന
പ്രവർത്തി സ്ഥലം പരിശോധിക്കൽ
വീട് വീടാന്തരം ഉള്ള വിവരശേഖരണം
തെളിവ് ശേഖരണം
സാമൂഹ്യ ബോധവൽക്കരണം
റിപ്പോർട്ട് തയ്യാറാക്കീ
സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ.

**പ്രവൃത്തി വിശദാംശങ്ങൾ**

അത്തോളി പഞ്ചായത്ത് വാർഡ് 7 ( കൊളക്കാട്) ലെ 1/10/2018 മുതൽ 31/3/2019 വരെയുള്ള 5 പ്രവൃത്തി ഫയലുകളാണ് സോഷ്യൽ ഓഡിറ്റിന് വേണ്ടി തിരഞ്ഞെടുത്തത്.

1) വിഭാഗം സി ഗവ: ഹോമിയോ ഡിസ്പൻസറി കോൺക്രീറ്റ് റോഡ് നിർമ്മാണം RC 275292 പ്രവൃത്തി 25/01/2019 ന് ആരംഭിച്ച് 30/01/2019 ന് അവസാനിച്ചു. മസ്റ്റർ റോൾ പ്രകാരം 64 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അവിദഗ്ദ വേതന ഇനത്തിൽ 12737 രൂപയും വിദഗ്ദ വേതന ഇനത്തിൻ 15300 രൂപയും സാധന ഘടകം 149567.66 രൂപയും ആയിരുന്നു പ്രവൃത്തിക്ക് ചിലവഴിച്ചത്.

2) കനാൽ നവീകരണ പ്രവർത്തി ഘട്ടം 1(IC 212144)

പ്രവർത്തി 18.12.201 ന് ആരംഭച്ച് 9.2.2019 ന് അവസാനിച്ചു ഒരു ഘട്ടത്തിൽ 6 മസ്റ്റർറോൾ പ്രകാരം 426 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് ഈ പ്രവർത്തിയ്ക്കായി 118674 രൂപ ചെലവഴിച്ചിട്ടുണ്ട്. അവിടെസിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടായിരുന്നു. കനാലിന്റെ 1028 മീറ്റർ നീളത്തിൽ നവീകരണ പ്രവർത്തി നടത്തിയെന്നായിരുന്നു എംബുക്കിൽ കാണാൻ സാധിച്ചത് എന്നാൽ കനാൽ കാട് നിറഞ്ഞ അവസ്ഥയിൽ ആയതിനാൽ ക്ര്യത്യമായ അളവ് രേഖപ്പെടുത്താൻ സാധിച്ചില്ല.

3) അത്തോളി പഞ്ചായത്ത് വാർഡ്-7 (കൊളക്കാട് ) ലെ 01.10.2018 മുതല് 31.03.2019 വരെയുള്ള 1 പ്രവൃത്തി ഫയലുകളാണ് സോഷ്യല് ഓഡിറ്റിനു വേണ്ടി തിരഞ്ഞെടുത്തത്. വിഭാഗം ഡി തിരുമംഗലത്ത് ഇല്ലത്തു താഴം ഇടവല്ലൂർ ക്ഷേത്രം കോൺഗ്രീറ് റോഡ് നിർമ്മാണം (RC/275285) പ്രവർത്തി 16/2/2019 ൽ ആരംഭിച്ചു 1/03/201 നു അവസാനിച്ചു. മസ്റ്റർ റോൾ പ്രകാരം 153 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അവിദഗ്ധ വേദന ഇനത്തിൽ 20867/- രൂപയും വിദഗ്ദ്ധ വേദന ഇനത്തിൽ 31500 രൂപയും മെറ്റീരിയൽ ഇനത്തിൽ 253264/- രൂപയും ആണ് പ്രവർത്തിക്കു വേണ്ടി ചെലവഴിച്ചിട്ടുള്ളത്.

4) വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തി ഘട്ടം 3 wc292500 പ്രവൃത്തി 30.10.2018 ൽ ആരംഭിച്ച് 18.03.2019 ൽ അവസാനിച്ചു. ആകെ 886 തൊഴില് ദിനങ്ങളിലായി 240106 രൂപ അവിദഗ്ധ വേതനത്തിലും 4206 രൂപ മെറ്റിരിയലിനത്തിലുമായി ആകെ 244312 രൂപ ചിലവഴിച്ചിട്ടുണ്ട്.

5) അത്തോളി പഞ്ചായത്ത് വാർഡ്-7(കൊളക്കാട് )ലെ 01.10.2018 മുതല് 31.03.2019 വരെയുള്ള പ്രവൃത്തി ഫയലുകളാണ് സോഷ്യല് ഓഡിറ്റിനു വേണ്ടി തിരഞ്ഞെടുത്തത്. മണ്ണ് ജല സംരക്ഷണത്തിനായി വരമ്പ് നിർമ്മാണം (IC 212143)പ്രവർത്തി18/12/2018 ൽ ആരംഭിച്ചു മസ്റ്റർ റോൾ പ്രകാരം588തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അവിദഗ്ധ വേദന ഇനത്തിൽ 108400/- രൂപയും പണി ആയുധ വാടകയിനത്തി2926/- രൂപയും ആണ് പ്രവർത്തിക്കു വേണ്ടി ചെലവഴിച്ചിട്ടുള്ളത്.

**ഫയൽ പരിശോധനയുടെ റിപ്പോർട്ട്**

അത്തോളി ഗ്രാമപഞ്ചായത്ത് വാർഡ് 15(വേളൂർ) ലെ 01.10.2018 മുതൽ 31.03.2019 വരെയുള്ള പ്രവൃത്തി ഫയലുകളാണ് സോഷ്യൽ ഓഡിറ്റിനുവേണ്ടി തിരഞ്ഞെടുത്തത്.
പ്രവർത്തികൾ സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) RC 275292 വിഭാഗം ഡി ഗവ: ഹോമിയോ ഡിസ്പൻസറി കോൺക്രീറ്റ് റോഡ് നിർമ്മാണം.

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ സ്ഥിതി | അടങ്കൽ തുക | അനുവദിച്ച തൊഴിൽ ദിനങ്ങൾ | | ലഭിച്ച തൊഴിൽ ദിനങ്ങൾ | ആകെ വേതനം | സാധന ഘടകം |
|---|---|---|---|---|---|---|---|---|---|
| | | | | | അവിദഗ്ധ | വിദഗ്ധ | | | |
| 1. | RC 275292 | വിഭാഗം ഡി ഗവ: ഹോമിയോ ഡിസ്പൻസറി കോൺക്രീറ്റ് റോസ് നിർമ്മാണം. | പൂർത്തികരിച്ചു | 186000 | 70 | 30 | 64 | 177605 | 149567.66 |
| 2. | IC 212144 | വിഭാഗം എ പ്രകാരം കനാൽ നവീകരണ പ്രവർത്തി ഘട്ടം 1 | പൂർത്തീകരിച്ചു | 124640 | 692 | 0 | 426 | 115446 | 3228 |
| 3. | RC 275285 | വിഭാഗം D തിരുമംഗലത്ത് | പൂർത്തീക | 340000 | 113 | 40 | 112 | 305232 | 253264 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | ഇല്ലത്ത്താഴം ഇടവല്ലൂർ ക്ഷേത്രം കോൺക്രീറ്റ് റോഡ് നിർമ്മാണം | രിച്ചു | | | | | | |
| 4. | WC 292500 | വിഭാഗം A നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തി ഘട്ടം 3 | പൂർത്തീക രിച്ചു. | 500000 | 1597 | 0 | 886 | 240106 | 4206 |
| 5. | IC 212143 | വിഭാഗം എ, കനാൽ നവീകരണ പ്രവൃത്തി ഘട്ടം 2 | പൂർത്തീക രിച്ചു | 120130 | 1123 | 0 | 400 | 111326 | 2926 |

**രെജിസ്റ്റർ പരിശോധന**

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കേണ്ട 7 രജിസ്റ്ററുകൾ
കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപറയുന്ന 7 രെജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രെജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രെജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രെജിസ്റ്റർ
4. പ്രവൃത്തിയിടെ ലിസ്റ്റും ചെലവും വിശദാംശങ്ങൾ സംബന്ധിച്ച രെജിസ്റ്റർ
5. സ്ഥിര ആസ്തിയുടെ രെജിസ്റ്റർ
6. പരാതി രെജിസ്റ്റർ
7. സാധന സാമഗ്രികളുടെ രെജിസ്റ്റർ

തൊഴിലുറപ്പ് പദ്ധതി പ്രകാരം ഓരോ പഞ്ചായത്തും സൂക്ഷിക്കുന്ന ഫയലിൽ 22 രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. കവർ പേജ്: കവർ പേജിൽ പ്രധാനമായും രേഖപ്പെടുത്തേണ്ടത് വർക്കിന്റെ പേര്,ജില്ല,ബ്ലോക്ക്,പഞ്ചായത്ത്, ഭരണാനുമതി നമ്പർ ,സങ്കേതികാനുമതി നമ്പർ,എസ്റ്റിമേറ്റ് നമ്പർ തുക എന്നിവയാണ്.
2. ചെക്ക് ലിസ്റ്റ്: ഇതിൽ ഫയലിലുള്ള രേഖകളുടെ പേരും അവ ഏതു പേജ് നമ്പറിൽ ആണെന്നാണ് രേഖപ്പെടുത്തേണ്ടത്.
3. അംഗീകരിച്ച ആക്ഷൻ പ്ലാൻ കോപ്പി
4. സാങ്കേതിക അനുമതി കോപ്പി: എന്ജിനീറിങ് വിഭാഗം നൽകുന്ന അനുമതിയാണിതിലുണ്ടാകുക.ഇതിൽ വർക് കോഡ്,വർക് പേര്,സാങ്കേതിക്കാനുമതി നമ്പർ,എസ്റ്റിമേറ്റ് വിവരങ്ങൾ എന്നിവ ഉണ്ടായിരിക്കും.

5. ഭരണാനുമതി കോപ്പി: തൊഴിലുറപ്പ് പ്രവർത്തിക്കുവേണ്ടിയുള്ള ഭരണസമിതിയുടെ അംഗീകാരമാണിത്.

6. തൊഴിലിനുള്ള അപേക്ഷ ഫോം: തൊഴിലാളികൾ അവർക് തൊഴിൽ ലഭിക്കാനായി പഞ്ചായത്തിൽ കൊടുക്കുന്ന അപേക്ഷയാണിത്.

7. വർക് അലൊക്കേഷൻ ഫോം.
8. കൺവർജൻസ് കോപ്പി
9. പൂരിപ്പിച്ച മാസ്റ്ററോളിന്റെ കോപ്പി: തൊഴിലാളികൾ ഓരോ ദിവസവും അവരുടെ ഹാജർ രേഖപ്പെടുത്തുന്നതാണിത്.അതിൽ തൊഴിലാളികളുടെ പേര്,ഒപ്പ്,വേതനം ,ഷാർപ്പണിങ് ചാർജ് എന്നിവ ഉണ്ടായിരിക്കുന്നതാണ്.
10. കോപ്പി ഓഫ് എം ബുക്ക്: ഇത് ഓരോ പ്രവർത്തിയുടെയും അളവും തുകയും രേഖപ്പെടുത്താനാണ്.
11. ക്വട്ടേഷൻ നടപടി ക്രമങ്ങൾ
12. വർക് ബിൽ
13. വേജ് ലിസ്റ്റ്.
14. ഫണ്ട് ട്രാൻസ്ഫർ ഓർഡർ കോപ്പി: ഇതിൽ തൊഴിലാളികളുടെ കൂലി,മെറ്റീരിയൽ ചാർജ് എന്നിവ രേഖപ്പെടുത്തിയിരിക്കും.
15. സൈറ്റ് ഡയറി

16. കോപ്പി ഓഫ് റോയൽറ്റി പെയ്ഡ്
17. ജിയോ ടാഗഡ് ഫോട്ടോസ്
18. പ്രവർത്തി പൂർത്തീകരിച്ച സാക്ഷ്യ പത്രം
19. മാസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്
20. സോഷ്യൽ ഓഡിറ്റ് കോപ്പി
21. എസ്റ്റിമേറ്റ് റിപ്പോർട്ട്
22. ഗ്രാമസഭ മിനുട്ട്സ് കോപ്പി

1. കവർ പേജ് : പ്രവർത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾകൊള്ളുന്ന രേഖയാണ് കവർ പേജ്. പരിശോധിച്ച പ്രവർത്തി ഫയലിൽ പ്രാദേശികമായ കവർ പേജ് കാണുവാൻ സാധിച്ചു. എ എം സി പ്രകാരമുള്ള കവർ പേജ് ആയിരുന്നില്ല.

2. ചെക്ക് ലിസ്റ്റ് : ഒരു പ്രവർത്തിഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ /ഏത് പേജ് മുതൽ സൂക്ഷിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച WC 292500 എന്ന ഫയലിൽ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല. എന്നാൽ IC 212143ൽ ചെക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയതൊന്നും ഫയലിൽ കാണാൻ സാധിച്ചില്ല.

3. ആക്ഷൻ പ്ലാൻ : പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് സാമ്പത്തിക വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻ പ്ലാനിന്റെ കോപ്പി. പരിശോധിച്ച ഫയലിൽ ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല.

4.ഭരണാനുമതി : പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി. പരിശോധിച്ച പ്രവർത്തിയ്ക്ക് ഭരണാനുമതി ഉണ്ടായിരുന്നു. സെക്യൂറിൽ നിന്നുള്ള കോപ്പിയാണ് ഉണ്ടായിരുന്നത്. കോപ്പിയിൽ സെക്രെട്ടറി ഒപ്പ് രേഖപ്പെടുത്തിയതായി കണ്ടില്ല.

5.സാങ്കേതികാനുമതി : ഒരു പ്രവർത്തിക്ക് സാങ്കേതിക വിധക്തരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതികാനുമതി രേഖ. പരിശോധിച്ച ഫയലുകളിൽ സാങ്കേതികാനുമതി രേഖ ഉണ്ടായിരുന്നു. അതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ഉണ്ടായിരുന്നുവെങ്കിലും തിയ്യതിയും സീലും ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിനകത്ത് പ്രവർത്തിയുടെ ഗുണ ഫലങ്ങൾ കൂടി ഉൾപ്പെടുത്തണം. ഡ്രോയിങ് ആൻഡ് ഡിസൈൻ, സർവ്വേ ഡാറ്റാ എന്നിവ ഫയലിൽ ഉണ്ടായിരുന്നില്ല. കൂടാതെ എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ അല്ലായിരുന്നു.

6. സംയോജിത പദ്ധതി : വാർഡിൽ നടത്തിയത് പൊതു പ്രവർത്തികളാണ്. സംയോജിത പ്രവർത്തികളല്ലായിരുന്നു.

7. തൊഴിലിനുള്ള അപേക്ഷ : പരിശോധിച്ച ഫയലിൽ തൊഴിലിനുള്ള അപേക്ഷ ഉണ്ടായിരുന്നു. അവയെല്ലാം ഗ്രൂപ്പായിട്ടുള്ള അപേക്ഷ ആയിരുന്നു.

8. തൊഴിൽ അനുവദിച്ചതിന്റെ പകർപ്പ് : തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. പരിശോധിച്ച പ്രവർത്തി ഫയലിൽ ഇതുണ്ടായിരുന്നില്ല.

9. മസ്റ്റർ റോൾ : പ്രവർത്തി സ്ഥലത്ത് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റർ റോൾ. പരിശോധിച്ച മസ്റ്റർ റോളുകളിൽ മെഷർമെന്റ് ബുക്ക് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. മസ്റ്റർ റോൾ പരിശോധിച്ച ഉദ്യോഗസ്ഥന്റെ പേരും പദവിയും രേഘപ്പെടുത്തിയിരുന്നില്ല.IC 212144 ൽ ചില വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു. RC 275285 എന്ന ഫയലിൽ മസ്റ്റർ റോൾ നമ്പർ 21385 ൽ ഒന്നും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.

10. മെഷർമെൻറ് ബുക്ക് : പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. പരിശോധിച്ച പ്രവർത്തികളുടെ ഫയലുകളിൽ മെഷർമെൻറ് ബുക്ക് കാണാൻ കഴിഞ്ഞു.

11. സാധനഘടകം : സിറ്റിസൺ ഇൻഫർമേഷൻ ബോർഡുമായി ബന്ധപ്പെട്ട തുക മെറ്റീരിയൽ ഇനത്തിൽ ഉൾപ്പെടുത്തിയാണ് നൽകിയിരിക്കുന്നത്.

12. വേജ് ലിസ്റ്റ് : മസ്റ്റർ റോളിലെ തൊഴിലാളികളുടെ ഹാജർ ദിനങ്ങളെ ആധാരമാക്കിയാണ് വേതന വിതരണത്തിനുള്ള വേജ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇത് ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ചുമതലയാണ്. ഒരു മസ്റ്റർ റോൾ ക്ലോസ് ചെയ്തു കഴിഞ്ഞാൽ നാലാമത്തെയോ അഞ്ചാമത്തെയോ ദിവസം ഈ പ്രവർത്തികൾ പൂർത്തീകരിച്ചിരിക്കണം. മസ്റ്റർ റോളിൽ ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചുവെന്ന് തെളിയിക്കുവാനുള്ള ആധികാരിക രേഖയാണ് ഇത്. പരിശോധിച്ച RC 275292, RC 275285 എന്നീ ഫയലിൽ വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

13. എഫ് ടി ഒ : ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയിട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് രേഖപ്പെടുത്തുന്നതാണ് എഫ് ടി ഒ. പരിശോധിച്ച RC 275292 ഫയലിൽ എഫ് ടി ഒ കോപ്പി ഉണ്ടായിരുന്നു.

14. മെറ്റീരിയൽ വൗച്ചർ : ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടി ക്രമണങ്ങൾ പ്രതിബാധിക്കുന്ന രേഖ. പരിശോധിച്ച WC 292500, IC 212143 എന്നീ ഫയലുകളിൽ ഇതുണ്ടായിരുന്നില്ല.

15. റോയലിറ്റി : റോയലിറ്റി നൽകിയ പ്രവർത്തിയാണോ എന്നറിയുവാൻ സഹായിക്കുന്ന രേഖയാണ് റോയലിറ്റി രേഖ.

16. ഫോട്ടോ : പ്രവർത്തിയുടെ ആരംഭം, നടന്നോണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷം എന്നീ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച RC 275292, RC 275285 എന്നീ ഫയലുകളിൽ ഫോട്ടോ ഉണ്ടായിരുന്നു.

17. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം : പരിശോധിച്ച ഫയലിൽ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

18. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് : ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലെയും മസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്കു വേതനം നൽകുന്നതുവരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ രീതിയിൽ നടന്നുവെന്ന് മനസിലാക്കാനുള്ള രേഖ. പരിശോധിച്ച WC 292500 ഫയലിൽ ഇത് ഉണ്ടായിരുന്നു.

19. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോസ് : പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകം. പരിശോധിച്ച ഫയലിൽ ഫോട്ടോ ഉണ്ടായിരുന്നില്ല.

20. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി : ഒരു പ്രവർത്തിയുടെ നേരവകാശികളായ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും, പരിശോധിക്കുകയും, വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചിലവഴിച്ചത് ശെരിയായ രീതിയിൽ ആണോ, ലക്ഷ്യമിട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടോ, പ്രധീക്ഷിച്ച നേട്ടം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. പരിശോധിച്ച ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലും സോഷ്യൽ ഓഡിറ്റ് രജിസ്റ്ററിൽ അവ ഉണ്ടായിരുന്നു.

21. സൈറ്റ് ഡയറി : തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് ആ പ്രവർത്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്ന രേഖയാണിത്. പരിശോധിച്ച ഫയലിൽ ഇതുണ്ടായിരുന്നു.

**എസ്റ്റിമേറ്റും പ്രവൃത്തിയുടെ അളവുകളും**

പ്രവർത്തി നടപ്പാക്കുന്നതിനായി എഞ്ചിനീറിങ് വിഭാഗം തയ്യാറാക്കുന്ന സാങ്കേതിക രേഖയാണ് എസ്റ്റിമേറ്റ്. ഒരു പ്രവർത്തി എങ്ങനെ നടപ്പിലാക്കണമെന്ന് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു രേഖ കൂടിയാണിത്. ഇതിൽ പദ്ധതിയുടെ പേര്, പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവർത്തികൾ, അവയുടെ എണ്ണം,നീളം, വീതി, പൊക്കം /ആഴം, ഒരു യൂണിറ്റിന് നൽകേണ്ട തുക, ആകെ തുക എന്നിവ നിര്ബന്ധമായും രേഖപ്പെടുത്തിയിരിക്കണം. സാധന സമഗ്രഹികൾ വിദഗ്ദ്ധ അവിദഗ്ത തൊഴിലാളികളുടെ എണ്ണം,നൽകുന്ന

കൂലി, സി ഐ ബി യുടെ ചിലവ് എന്നിവ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്. വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടുള്ള എസ്റ്റിമേറ്റ് ഇംഗ്ലീഷിൽ ഉള്ളതും സാങ്കേതിക ഭാഷയിലുള്ളതും ആണ്. സാധാരണ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും പരിശോധിക്കുവാൻ കഴിയും വിധം എസ്റ്റിമേറ്റ് ജനകീയ ഭാഷയിലേക്കാക്കി പ്രവർത്തി സമയത്ത് മാറ്റിന്റെ കൈവശം വെയ്ക്കേണ്ടതാണ്. സ്വകാര്യ ഭൂമിയിൽ ചെയ്യുന്ന പ്രവർത്തികളിൽ സ്ഥലം ഉടമയുടെ അപേക്ഷ സമർപ്പിക്കുമ്പോൾ ഭൂമിയുടെ അളവ് രേഖപെടുതെണ്ടതാണ്. സാക്ഷിപത്രം സമർപ്പിക്കുമ്പോൾ പ്രസ്തുത ഭൂമിയിൽ ചെയ്ത പ്രവർത്തിയുടെ വിശദമായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. അളവുകൾ അടിസ്ഥാനപെടുത്തിയാണ് ബില്ലുകൾ പാസാക്കുന്നതും വേദനം നൽകുന്നതും. ആയതിനാൽ അളവുകളുടെയും എണ്ണത്തിന്റെയും കാര്യത്തിൽ ഭാവിയിൽ അങ്ങേയറ്റത്തെ കൃത്യത സാങ്കേതിക വിഭാഗം ഉറപ്പാകേണ്ടതാണ്. അല്ലാത്തപക്ഷം അളവുകളിൽ വരുന്ന വ്യത്യാസത്തിന്റെ ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏറ്റെടുക്കേണ്ടതാണ്.

**സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

ഒരു പ്രവർത്തി നടത്തിയ സ്ഥലം കൃത്യമായി മനസിലാക്കാനും പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും തൊഴിലുറപ്പു പദ്ധതിയിൽ അത്യാവശ്യം ആണ്. തൊഴിലുറപ്പു നിയമം ഷെഡ്യൂൾ 22(4) ലും വാർഷിക മാസ്റ്റർ സർക്കുലർ ചാപ്റ്റർ 10(6),11,7,13 എന്നിവയിലും സി ഐ ബി യെ കുറിച്ച് പരാമർശിക്കുന്നു. ഓഡിറ്റിങ്ങിന്റെ ഭാഗമായി ഞങ്ങൾ പരിശോധിച്ച ഫയലിൽ WC-292500 എന്ന പ്രവൃത്തിയുടെ സി ഐ ബി സ്ഥാപിച്ചതായി രേഖ ഉണ്ടായിരുന്നു പക്ഷേ ഫീൽഡിൽ സി ഐ ബി സ്ഥാപിച്ചിരുന്നില്ല.

**നിർദ്ദേശങ്ങൾ**

ഉദ്യോഗസ്ഥരോട്

- o പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക കേന്ദ്ര സർക്കാരിന്റെ മാർഗനിർദ്ദേശം കൃത്യമായി പാലിക്കുക
- o ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് തൊഴിൽ സ്ഥലങ്ങളിൽ നൽകുക
- o മാസ്ട്രോൾ അനുവദിച്ചു നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തീയതിയോട് കൂടിയ ഒപ്പ്, സീൽ, എന്നിവ ഉറപ്പാക്കുക.
- o കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക
- o തൊഴിലാളികൾ ആവശ്യപെടുന്ന സമയങ്ങളിൽ കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള പ്രവർത്തികൾ നൽകുക.
- o പ്രവർത്തി സ്ഥലങ്ങളിൽ കുടിവെള്ളം തണൽ പ്രാഥമിക ചികിത്സ സൗകര്യങ്ങൾ എന്നിവ ഒരുക്കി നൽകുക
- o എസ്റ്റിമേറ്റിന് അനുസൃതമായി പ്രവർത്തി നടത്താൻ ശ്രദ്ധിക്കുക

ഗ്രാമപഞ്ചായത്തിനോട്

- o കൃത്യമായ ഇടവേളകളിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുക
- o കൂടുതൽ പദ്ധതികളും മഴക്കുഴികളും മണ്ണ് കയ്യാലയും ആണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്തിയുണ്ടാകുന്ന പ്രവർത്തികൾ ഉണ്ടാകുക.
- o ദേശീയ ഉപജീവന മിഷന്റെ (NRLM) സഹായത്തോടെ മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ധ / അവിദഗ്ധ തൊഴിലാളികളാക്കി മാറ്റുക.

**തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവർത്തികൾ**

1. വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവർത്തികൾ

- o കുടിവെള്ള ശ്രോതസുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജലവിധാനം ഉയർത്തുന്നതിന്

ആവശ്യമായ മണ്ണ് തടയണകൾ, അണകൾ, ചെക്ക് ഡാം, തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ.

- ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഇടപെടലുകളായ കോണ്ടൂർ ട്രെഞ്ചുകൾ, തട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടുകൾ, കല്ല് തടയണകൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തികൾ.

- സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികളും തോട് / കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നീ പ്രവർത്തികൾ.

- ജലസേചന കുളങ്ങളുടെയും മറ്റു ജലസ്രോതസുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം.

- കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ചുപിടിപ്പികലും വനവത്കരണവും (ഇവയിൽ നിന്നു ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിബാധിക്കുന്ന കുടുംബങ്ങൾക് നൽകേണ്ടതാണ് ).

2. വിഭാഗം ബി : സമൂഹത്തിൽ അവശ്യത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തികത ആസ്തികൾ

- ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് (SC,ST, Nomadic Tribe, Denotified Tribe, BPL കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബം, ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾ, വനാവകാശ നിയമപ്രകാരമുള്ള ഗുണഭോക്താക്കൾ)മുകളിൽ പറഞ്ഞിരിക്കുന്ന കുടുംബങ്ങളല്ലാത്ത പക്ഷം, 2008 ലെ കാർഷികകടാശ്വാസ നിയമപ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, ഭൂമിയുടെ ഉല്പാദന ക്ഷമത വർധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ് ജലകൊയ്ത് നിർമ്മിതികൾ ലഭ്യമാക്കൽ.

- പഴക്കൃഷി, പട്ടുനൂൽ കൃഷി, തോട്ടവിള കൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ.

- ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശു ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ.

- ഇന്ദിര ആവാസ് യോജന പ്രകാരമോ, കേന്ദ്ര / സംസ്ഥാന സർക്കാറുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പ്രവർത്തികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭാവനനിർമ്മാണത്തിലെ അവിദഗ്ധ കായിക തെഴിൽ ഘടകം.

- മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിന്കൂട്, പട്ടിക്കൂട്, തൊഴുത്ത് എന്നിവയുടെ നിർമ്മാണം.

- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന, സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളമുള്ള പൊതു കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ.

3. വിഭാഗം സി : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഗങ്ങൾക് പൊതു അടിസ്ഥാന സൗകര്യങ്ങൾ.

- കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിനു

ശേഷം ആവശ്യമുള്ള സൗകര്യങ്ങൾ, ജൈവവളം എന്നിവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാര്ഷികോല്പാദന ക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ.

- o സ്വയം സഹായ പ്രവർത്തനത്തിന് ആവശ്യമായ പൊതു വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.

4. വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

- o നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് a അനുസൃതമായി ഖരദ്രവ മാലിന്യ സംസ്കരണത്തിനും തുറസായ മലമൂത്ര വിസർജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചോ വക്തികത കക്കൂസുകൾ സ്കൂൾ,അംഗൻവാടി ടോയിലറ്റുകൾ തുടങ്ങിയ പ്രവർത്തികൾ. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും, നിർദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമാണവും,ഓടകൾ, കലുങ്കുകൾ, തുടങ്ങിയവയുടെ നിർമാണം
- o കളിസ്ഥലനിർമാണം
- o വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവർത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തികൾ, മഴവെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള,വാട്ടർ ട്രയിനുകൾ, എന്നിവ ഉൾപെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തികൾ.
- o ഗ്രാമപഞ്ചായത്തുകൾ, വനിതാസ്വയം സഹായ സംഘങ്ങൾ,കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ, അങ്കണവാടികൾ, ഗ്രാമീണ ചന്തകൾ, എന്നിവയ്ക് ആവശ്യമായ കെട്ടിട നിർമാണവും, ഗ്രാമ / ബ്ലോക്ക് തല ക്രിമിറ്റോറിയലുകളുടെ നിർമാണം.
- o ദേശീയ ഭക്ഷ്യ സുരക്ഷ നിയമം 2013ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ ധാന്യ സംഭരണികളുടെ നിർമാണം.
- o MGNREGA പ്രകാരം ഏറ്റെടുക്കുന്ന നിർമാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമാണ സമഗ്രഹികളുടെ ഉത്പാദനം.
- o MGNREGA പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികൾ

**ഫീൽഡ് പരിശോധനയുടെ റിപ്പോർട്ട്**

| ക്രമനമ്പർ | പ്രവൃത്തിയുടെ സ്ഥിതി | പ്രവൃത്തിയുടെ പേര് | അളവുകൾ |
|---|---|---|---|
| 1 | Completed | RC 275292 വിഭാഗം ഡി ഗവ ഹോമിയോ | നീളം:49.10m<br>വീതി:2.39 m |

| | | | |
|---|---|---|---|
| | | ഡിസ്പെൻസറി കോണ്ക്രീറ്റ് റോഡ് നിർമാണം | |
| 2 | Completed | IC 212144 വിഭാഗം എ പ്രകാരം കനാൽ നവീകരണ പ്രവർത്തി ഘട്ടം 1 | കാട് നിറഞ്ഞ അവസ്ഥയിൽ ആയതിനാൽ അളവെടുക്കാൻ സാധിച്ചില്ല |
| 3 | Completed | RC 275285 വിഭാഗം ഡി തിരുമംഗലത്ത് ഇല്ലത്ത് താഴം ഇടവല്ലൂർ ക്ഷേത്രം കോൺക്രീറ്റ് റോഡ് നിർമ്മാണം. | 4.10m വീതി<br><br>71.75m നീളം |
| 4 | Completed | IC 212143 വിഭാഗം എ പ്രകാരം കനാൽ നവീകരണ പ്രവർത്തി | 1094എം നീളം,2.5 വീതി, 1.5 ആഴം. |

5) വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തി wc292500

| ക്രമ നമ്പർ | പ്രവൃത്തി നടന്ന സ്ഥലം | പ്രവൃത്തിയുടെ പേര് | അളവുകൾ |
|---|---|---|---|
| 1. | നാണിയമ്മ അരിവാൾ വയലിൽ | തെങ്ങ് തുറക്കൽ<br>മണ്ണ് വരമ്പുകൾ<br>മഴക്കുഴി | 19 എണ്ണം<br>-<br>16 എണ്ണം |
| 2. | ശ്രീനിവാസൻ അരിയിൽ | തെങ്ങ് തുറക്കൽ<br>മണ്ണ് വരമ്പുകൾ<br>മഴക്കുഴി | 25എണ്ണം<br>135m<br>6എണ്ണം |
| 3. | കണാരൻ എടവലത്ത് | തെങ്ങ് തുറക്കൽ<br>മണ്ണ് വരമ്പുകൾ<br>മഴക്കുഴി | 13 എണ്ണം<br>105m<br>13എണ്ണം |
| 4. | ശങ്കരൻ പുത്തലത്ത് കണ്ടി | മണ്ണ് വരമ്പുകൾ<br>മഴക്കുഴി | 425m<br>25എണ്ണം |
| 5. | രാജേന്ദ്രൻ അരങ്ങാടത്ത് | മഴക്കുഴി<br>തെങ്ങ് തുറക്കൽ | 10 എണ്ണം<br>- |
| 6. | ആബ്ദുഘ്മാൻ തെയ്യത്തുംകണ്ടി | മണ്ണ് വരമ്പുകൾ<br>മഴക്കുഴി | 180m<br>12 എണ്ണം |
| 7. | മൊയിതീൻകോയ തെയ്യത്തുംകണ്ടി | മണ്ണ് വരമ്പുകൾ<br>മഴക്കുഴി | 67m<br>12എണ്ണം |
| 8. | റിസ്ഫാന പാണങ്കണ്ടി | മണ്ണ് വരമ്പുകൾ<br>മഴക്കുഴി | അളക്കാൻ സാധിച്ചില്ല |
| 9. | രവീന്ദ്രൻ തേവർ കണ്ടി | തെങ്ങ് തുറക്കൽ<br>മണ്ണ് വരമ്പുകൾ<br>മഴക്കുഴി | 22 എണ്ണം<br>220m<br>4എണ്ണം |
| 10. | ഓതയോത്ത് സുലൈഖ | മണ്ണ് വരമ്പുകൾ<br>മഴക്കുഴി | -<br>6എണ്ണം |
| 11. | സുനിൽ കുമാർ കളത്തിങ്കൽ മീത്തൽ | മണ്ണ് വരമ്പുകൾ<br>മഴക്കുഴി | കാടുപിടിച്ച നിലയിലായതിനാൽ അളക്കാൻ സാധിച്ചില്ല |
| 12. | പെണ്ണുകുട്ടി കോറോത്ത് മീത്തൽ | തെങ്ങ് തുറക്കൽ<br>മണ്ണ് വരമ്പുകൾ<br>മഴക്കുഴി | 10എണ്ണം<br>-<br>8എണ്ണം |
| 13. | ബിപാത്തു | തെങ്ങ് തുറക്കൽ<br>മണ്ണ് വരമ്പുകൾ<br>മഴക്കുഴി | വീടുപണിക്ക് വേണ്ടി മണ്ണെടുത്തിരിക്കുകയാണ് |

**ഗ്രാമസഭ റിപ്പോർട്ട്**

അത്തോളി പഞ്ചായത്തിലെ 7 ആം വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 4 മണിക്ക് കൊളക്കാട്  എ യു പി സ്കൂളിൽ ചേർന്നു. വാർഡ് മെമ്പർ റിജേഷ് സികെ  സ്വാഗതം പറഞ്ഞതിന് ശേഷം തൊഴിലാളികളുടെ കൂട്ടത്തിലുള്ള കല്യാണി  അരിയിൽ മീത്തൽ  അധ്യക്ഷത വഹിച്ചു. വി ആർ പി  ഷിദ്യ  ഭരണ ഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു എല്ലാവരും അത് ഏറ്റു പറഞ്ഞു. അതിനു ശേഷം തൊഴിലുറപ്പ് എന്താണെന്നും അതിന്റെ ലക്ഷ്യത്തെ കുറിച്ചും സോഷ്യൽ ഓഡിറ്റിംഗിന്റെ ആവശ്യകതയെ കുറിച്ചും വി ആർ പി  മിധുന സംസാരിച്ചു. അതിനു ശേഷം തൊഴിലാളികൾക്കുള്ള 10 അവകാശത്തെ കുറിച്ച് വി ആർ പി ദിബിഷ  വിശദീകരിച്ചു. ശേഷം ഫീൽഡ് പരിശോധനയിലൂടെ അവകാശത്തെ കുറിച്ച് മനസിലാക്കിയ വിവരങ്ങൾ  അവതരിപ്പിച്ചു. പിന്നീട് പ്രവർത്തികളുടെ റിപ്പോർട്ട് വി ആർ പി ചിന്മയി ഹരീഷ്  അവതരിപ്പിച്ചു. 7 ആം വാർഡിൽ ആകെ 5 പ്രവർത്തി ഫയലുകളാണ് ഉണ്ടായിരുന്നത്.

1)വിഭാഗം ഡി ഗവ ഹോമിയോ ഡിസ്‌പെൻസറി കോൺക്രീറ്റ് റോഡ് നിർമാണം ,  RC/275292
2)വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് -ജല സംരക്ഷണ പ്രവർത്തി ഘട്ടം 3, WC/292500
3)വിഭാഗം എ കനാൽ നവീകരണ  പ്രവർത്തി ഘട്ടം 1, IC/212144
4)വിഭാഗം എ കനാൽ നവീകരണ  പ്രവർത്തി ഘട്ടം 2, IC/212143
5)വിഭാഗം ഡി തിരുമംഗലത്ത്  ഇല്ലത്ത് താഴം ഇടവല്ലൂർ ക്ഷേത്രം കോൺക്രീറ്റ് റോഡ് നിർമാണം  , RC/275285

റിപ്പോർട്ടിൽ പ്രവർത്തികളെ കുറിച്ച് വിശദീകരിച്ചതിന് ശേഷം ഫയലിൽ ഉണ്ടായിരിക്കേണ്ട രേഖകളെ കുറിച്ച് പറഞ്ഞു. മസ്റ്റാർ റോളുകളിൽ ചിലതിൽ വെട്ടി തിരുത്തലുകൾ ഉള്ളതായ് പറഞ്ഞു. പിന്നെ മെഷർമെൻറ് ബുക്ക്, എസ്റ്റിമേറ്റ്, സി ഐ ബി എന്നിവയെ കുറിച്ച് വിശദീകരിച്ചു. അതിനു ശേഷം ഫീൽഡ് പരിശോധനയുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും റിപ്പോർട്ടിൽ വായിച്ചു.

റിപ്പോർട്ട് അവതരണത്തിന് ശേഷം ചർച്ച ആയിരുന്നു.

* ആദ്യം മലയിൽ സരിത  വേതനം കൃത്യമായിട്ട്  കിട്ടുന്നില്ല  എന്നും പണി കഴിഞ്ഞിട്ട് ആറു മാസത്തോളമായി എന്നിട്ട് 15 ദിവസത്തെ കൂലി മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും വ്യക്തമാക്കി .
* ഫസ്റ്റ് എയ്‌ഡ് ബോക്സ് വാങ്ങുന്നതിന്റെ പൈസ ലഭിക്കുന്നില്ല എന്നും ബില്ലൊക്കെ പിന്നീട് നഷ്ടപ്പെട്ടു പോവുന്നു എന്നും മേറ്റ് സുനിത പറഞ്ഞു.
* കനാൽ നവീകരണത്തിന്റെ സമയത്ത് തൊഴിലാളികളുടെ  എണ്ണത്തിന് അനുസരിച്ചു സുരക്ഷ സാമഗ്രികൾ ലഭിക്കാറില്ല
* മേറ്റിന്റെ യാത്ര ചെലവ് ലഭിക്കണം എന്നാവശ്യപ്പെട്ടു.
*റോഡിന്റെ ഇരുവശങ്ങളിലുമുള്ള കാട് വെട്ടാൻ അനുമതി തരണം എന്നഭ്യർത്ഥിച്ചു. തൊഴിലാളികൾക് അത്തരത്തിലുള്ള പണികളാണ് ഇഷ്ടം എന്നും വ്യക്തമാക്കി.
* കൂലിയിൽ വർദ്ധനവ് ഉണ്ടാവില്ലേ എന്ന് ശകുന്തള ചോദിച്ചു.
* കൈയുറയും കാലുറയും സ്വയം വാങ്ങിയാൽ പൈസ കിട്ടുമോ എന്ന ചോദ്യം ഉണ്ടായി.
* ജോലി സമയം 9 മുതൽ 4 വരെ ആക്കണമെന്ന്  പറായി ആവശ്യപ്പെട്ടു .
* 3 മണി വരെ പണി എടുത്തിട്ട്  മരണ വാർത്ത കേട്ടാൽ പോവാൻ അനുവാദം ലഭിക്കണം എന്നും ആ ദിവസത്തെ ഒപ്പ് വെട്ടരുത് എന്നും ആവശ്യപ്പെട്ടു.
* കനാൽ നവീകരണ സമയത്ത് തൊഴിൽ ദിനം കൂട്ടി തരണം.
* തൊഴിലുറപ്പ്  എടുത്തപ്പെടുമോ എന്ന ആശങ്ക ഉണ്ട് എന്ന് മിനി  വ്യക്തമാക്കി.
* മസ്റ്റർ റോളിൽ ഒപ്പിട്ട ക്രമ പ്രകാരമാണോ വേതനം ലഭിക്കുക എന്ന ചോദ്യം ഉണ്ടായി.

തൊഴിലാളികൾ സംസാരിച്ചതിന് ശേഷം പഞ്ചായത്തിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയ  ഷൈനി സംസാരിച്ചു. ആദ്യം തൊഴിൽ അപേക്ഷയെ പറ്റിയും പിന്നീട് മെഡിക്കൽ കിറ്റിനെ പറ്റിയും തൊഴിലാളികൾക്ക് പറഞ്ഞു കൊടുത്തു. ശേഷം കാട് വെട്ടൽ ഇപ്പൊ എസ്റ്റിമേറ്റിൽ ഇല്ല എന്നും കയ്യാല ചെയ്യുമ്പോൾ അതിനോട് ചേർന്നുള്ള  കാട് വെട്ടാൻ പറ്റും എന്നും വ്യക്തമാക്കി. പിന്നീട് സൈറ്റ് വിസിറ്റ് ചെയ്യാത്തതിന്റെ കാരണം ഒരേ സമയം എല്ലാ പ്രവൃത്തി സ്ഥലത്തും എത്താനുള്ള അത്രയും മാൻപവർ  പഞ്ചായത്തിലെ nreg സെക്ഷനിൽ ഇല്ല എന്ന്  വ്യക്തമാക്കി.  15 ദിവസത്തിനകം കൂലി ലഭിക്കാത്തതിന് കാരണമായ് പറഞ്ഞത്, പഞ്ചായത്തിൽ നിന്നും തൊഴിൽ എടുത്ത് 7 ദിവസത്തിനകം എഫ് ടി ഓ തയ്യാറാക്കി അയക്കാറുണ്ടെന്നും ഫണ്ട് ശരിയായാൽ എല്ലാവർക്കും കൂലി ലഭിക്കുമെന്നാണ് പറഞ്ഞത്. കൈയുറകൾ കൊടുക്കാത്തതിന് കാരണമായി പറഞ്ഞത് എല്ലാവർക്കും ഒരേ സമയം കൈയുറയുടെ ആവശ്യം വരാത്തതിനാലാണ് എന്നും പഞ്ചായത്തിൽ നിന്ന് 4 കൈയുറകൾ മുൻപ് കൊടുത്തിട്ടുണ്ട് എന്നുമാണ്.

പഞ്ചായത്തിന്റെ ആയുധങ്ങളുടെ വാടക ആദ്യം എ ഡി എസ് ന്റെ അക്കൗണ്ടിൽ ആണ് പോകാറ്. കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ അത് മാറ്റി തൊഴിലാളികൾ ആയുധം കൊണ്ട് വന്നു അതിന്റെ  വാടക തൊഴിലാളികളുടെ അക്കൗണ്ടിൽ തന്നെ വരാറാണെന്നും പറഞ്ഞു.

തൊഴിൽ തുടങ്ങുന്നതിന് മുൻപ് മാറ്റിന്റ കയ്യിൽ എന്തെങ്കിലും ആവശ്യത്തിനായി 1000 രൂപ ചിലപ്പോൾ കൊടുക്കാറുണ്ട്. .

അതിനുശേഷം തൊഴിലാളികൾ റിപ്പോർട്ട് കയ്യടിച്ചു പാസാക്കുകയും ഗ്രാമസഭ കൺവീനർ  പുഷ്പ്പ ടീച്ചർ നന്ദി പറഞ്ഞതിന് ശേഷം 5.30 ന് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അവസാനിച്ചു.

തീരുമാനങ്ങൾ

*15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കുന്നതിനുള്ള നടപടികൾ സീകരിക്കാൻ തീരുമാനിച്ചു.
*100 ദിവസം തൊഴിൽ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.
*പദ്ധതി ആസൂത്രണത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ തീരുമാനിച്ചു
*ഒരു റീസർവ്വെയിൽ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം ഭൂവികസനപ്രവർത്തികൾ ചെയ്യാൻ തീരുമാനിച്ചു.